Mathrubhumi
മാതൃഭൂമി
Dated:05-08-2024
Page:03, Column:05

# ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 20-ന്

കൊല്ലങ്കോട്▸ പതിനൊന്നാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഓഗസ്റ്റ് 20-ന് പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ 16-നുമുമ്പ് www.throwballkerala.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഫോൺ: 9447742821.

Mathrubhumi
മാതൃഭൂമി
Palakkad Edition
Dated: 22-08-2024
Page No:2 Column No: 3,4&5

### ജില്ലാ ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

# പല്ലശ്ശന സ്പോർട്സ് അക്കാദമിയും വി.ഐ.എം. സ്കൂളും ജേതാക്കൾ

**കൊല്ലങ്കോട്▸** പല്ലശ്ശനയിൽ നടന്ന ജില്ലാ ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് മത്സരങ്ങളിൽ പല്ലശ്ശന സ്പോർട്സ് അക്കാദമി, പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂൾ എന്നിവ യഥാക്രമം ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ ജേതാക്കളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന ഡ്രീംസ് ത്രോ ബോൾ അക്കാദമി രണ്ടാം സ്ഥാനവും സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി, കെ.എഫ്.സി. കാക്കയൂർ എന്നിവ മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനവും പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ്, നെന്മാറ ഫ്രണ്ട്സ് ക്ലബ്ബ് എന്നിവ മൂന്നാം സ്ഥാനവും നേടി. പല്ലശ്ശന ഹയർസെക്കൻഡറി സ്കൂളിൽ നടന്ന മത്സരങ്ങൾ പ്രധാനാധ്യാപിക ബി. സ്മിത ഉദ്ഘാടനം ചെയ്തു. ജില്ലാ ത്രോബോൾ അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് വി. പ്രശാന്ത് അധ്യക്ഷനായി. എം. ആകാശ്, കെ. പ്രദീപ്, കെ. മണികണ്ഠപ്രസാദ് എന്നിവർ സംസാരിച്ചു. ജില്ലാ ഒളിമ്പിക് അസോസിയേഷൻ ഖജാൻജി കെ. രമാധരൻ സമ്മാനദാനം നിർവഹിച്ചു. ഓഗസ്റ്റ് 30 മുതൽ പത്തനംതിട്ടയിൽ നടക്കുന്ന സംസ്ഥാനമത്സരത്തിൽ പങ്കെടുക്കാനുള്ള ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.

Malayala Manorama

Palakkad Edition
Dated:23-08-2024
Page No:2 Coulmn:5&6

# പല്ലശ്ശന സ്പോർട്സ് അക്കാദമിയും വിഐഎംഎച്ച്എസ്എസ്സും ജയിച്ചു

പല്ലശ്ശന ● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശ്ശന സ്പോർട്സ് അക്കാദമിയും പെൺകുട്ടികളിൽ പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളും ജേതാക്കളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഡ്രീംസ് ത്രോബോൾ അക്കാദമിക്കാണു രണ്ടാം സ്ഥാനം. പെൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് അക്കാദമി പല്ലശ്ശന രണ്ടാം സ്ഥാനം നേടി. ഡ്രീംസ് ത്രോബോൾ അക്കാദമിയിലെ എസ്.നന്ദകുമാർ, പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിലെ എം.ശ്രുതി എന്നിവർ മികച്ച കളിക്കാരായി തിരഞ്ഞെടുക്കപ്പെട്ടു.

മത്സരങ്ങൾ വിഐഎം ഹയർ സെക്കൻഡറി സ്കൂൾ പ്രധാനാധ്യാപിക ബി.സ്മിത ഉദ്ഘാടനം ചെയ്തു. ജില്ലാ ത്രോബോൾ അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് വി.പ്രശാന്ത് അധ്യക്ഷനായി. സംസ്ഥാന ത്രോബോൾ അസോസിയേഷൻ നിരീക്ഷകൻ എം.ആകാശ്, ദേശീയ ത്രോബോൾ ഫെഡറേഷൻ അംഗം കെ.പ്രദീപ്, കെ.മണികണ്ഠ പ്രസാദ് എന്നിവർ പ്രസംഗിച്ചു. ജില്ലാ ഒളിംപിക് അസോസിയേഷൻ ട്രഷറർ കെ.രമാധരൻ സമ്മാനവിതരണം നടത്തി. പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ.അനന്തകൃഷ്ണൻ അധ്യക്ഷനായി. സംസ്ഥാന മത്സരങ്ങൾക്കുള്ള ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.